**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3548** **15-02-2024 - ൽ മറുപടിയ്ക്ക്**

**തഹസിൽദാർമാരുടെ പി& എം ട്രെയിനിങ്ങ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | തഹസിൽദാർമാരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിന്റെ ഭാഗമായി പൂർത്തീകരിക്കേണ്ട പി&എം ട്രെയിനിങ്ങ് (പോലീസ് ആന്റ് മജിസ്റ്റീരിയൽ ) ജോലി ചെയ്യുന്ന ജില്ലയിൽ തന്നെ പൂർത്തീകരിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | തഹസിൽദാർമാരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിന്റെ ഭാഗമായി പൂർത്തീകരിക്കേണ്ട പി & എം ട്രെയിനിംഗ് (പോലീസ് ആന്റ് മജിസ്റ്റിരിയൽ) ജോലി ചെയ്യുന്ന ജില്ലയിൽ തന്നെ പൂർത്തികരിക്കണമെന്ന് നിഷ്കർഷിക്കുന്ന ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടില്ല. |
| (ബി) | തഹസിൽദാർമാരുടെ മാതൃജില്ലയിൽ പ്രസ്തുത ട്രെയിനിങ്ങ് പൂർത്തീകരിക്കുന്നത് വിലക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് ഉത്തരവ് പ്രകാരമാണ് വിലക്കിയിരിക്കുന്നത്; പകർപ്പ് ലഭ്യമാക്കാമോ; | (ബി) | ഇല്ല. തഹസിൽദാർ/സീനിയർ സൂപ്രണ്ട് തസ്തികയിലെ ജീവനക്കാരെ ജില്ലാ അടിസ്ഥാനത്തിലാണ് സ്ഥലംമാറ്റി നിയമിക്കുന്നത്. അപ്രകാരം ടി ജീവനക്കാരുടെ ലാവണ ഓഫീസ് അതത് ജില്ലാ എസ്റ്റാബ്ലിഷ്മെന്റിന് കീഴിലാണ് വരുന്നത്. ടി ജീവനക്കാരെ പി&എം ട്രെയിനിംഗിന് നിയോഗിക്കേണ്ടത് അതത് ജില്ലാ കളക്ടർമാരാണ്. ഒരു ജില്ലാ കളക്ടർക്ക് മറ്റൊരു ജില്ലയിലേക്ക് തഹസിൽദാർമാരെ പി&എം ട്രെയിനിംഗിന് നിയോഗിക്കാൻ കഴിയില്ല. 8 ആഴ്ച നീണ്ടു നിൽക്കുന്ന പരിശീലനമാണ് പി & എം ട്രെയിനിംഗിൽ ജീവനക്കാർക്ക് നൽകുന്നത്. അതിൽ 6 ആഴ്ച പോലീസ് ട്രെയിനിംഗും 2 ആഴ്ച മജിസ്റ്റിരിയൽ ട്രെയിനിംഗുമാണ്. പോലീസ് ട്രെയിനിംഗ് ജീവനക്കാർ ജോലി ചെയ്യുന്ന ജില്ലയിലെ വിവിധ തലത്തിലുള്ള പോലീസ് വകുപ്പിന്റെ കീഴിലുള്ള ഓഫീസുകളിലും, മജിസ്റ്റീരിയൽ ട്രെയിനിംഗ് ജീവനക്കാർ ജോലി ചെയ്യുന്ന ജില്ലയിലെ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിലുമാണ് നൽകുന്നത്. അതിന് അതത് ജില്ലാ കളക്ടർമാരാണ് നടപടിക്രമം പുറപ്പെടുവിച്ച് ജീവനക്കാരെ നിയോഗിക്കേണ്ടത്. ഒരു ജിവനക്കാരന്റെ/ജീവനക്കാരിയുടെ ലാവണ ഓഫീസ് ഒരു ജില്ലയിലായതിനാൽ മറ്റൊരു ജില്ലയിലേക്ക് പ്രസ്തുത പരിശീലനത്തിന് നിയോഗിക്കുന്നത് ശമ്പളം നൽകുന്നതുൾപ്പടെ സാങ്കേതിക തടസ്സമുണ്ടാക്കുന്നതാണ്. 8 ആഴ്ച നീണ്ടു നിൽക്കുന്ന പരിശീലന കാലയളവിനുള്ളിൽ, എക്സിക്യൂട്ടിവ് |

| | | | |
|---|---|---|---|
| | | | മജിസ്ട്രേറ്റ് പദവിയായതിനാൽ, തിരഞ്ഞെടുപ്പ്, ദുരന്ത നിവാരണം എന്നിങ്ങനെയുള്ള അടിയന്തര സാഹചര്യങ്ങളിൽ ജീവനക്കാരെ തിരികെ വിളിക്കേണ്ട ആവശ്യം വരികയാണെങ്കിൽ, അടിയന്തരമായി പരിശീലനം നിർത്തി വയ്പ്പിച്ച് ജീവനക്കാരെ തിരികെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിന്, ടി ജീവനക്കാർ അതത് ജില്ലകളിൽ തന്നെ പ്രസ്തുത ട്രെയിനിംഗിന് വിധേയമാകേണ്ടത് ആവശ്യമാണ്. മേൽ സാഹചര്യത്തിൽ, മറ്റ് ജില്ലകളിൽ ജോലി ചെയ്ത് വരുന്ന തഹസിൽദാർമാർക്ക്, പ്രസ്തുത പരിശീലനം അവരുടെ മാതൃ ജില്ലയിൽ പൂർത്തീകരിക്കുവാൻ അനുവാദം നൽകുന്നത് അപ്രായോഗികവും, ഭരണപരമായി അസൗകര്യം സൃഷ്ടിക്കുന്നതുമായതിനാൽ മാതൃജില്ലയിൽ പരിശീലനം പൂർത്തിയാക്കുന്നതിന് നിലവിലെ സാഹചര്യത്തിൽ പരിഗണിക്കാനാവില്ല. |
| (സി) | മറ്റ് ജില്ലകളിൽ ജോലിചെയ്ത് വരുന്ന തഹസിൽദാർമാർക്ക് പ്രസ്തുത പരിശീലനം അവരുടെ മാതൃ ജില്ലയിൽ പൂർത്തീകരിക്കുവാൻ അനുവാദം നൽകുന്നത് പരിഗണിക്കുമോ? | (സി) | ഇല്ല. തഹസിൽദാർ/സീനിയർ സൂപ്രണ്ട് തസ്തികയിലെ ജീവനക്കാരെ ജില്ലാ അടിസ്ഥാനത്തിലാണ് സ്ഥലംമാറ്റി നിയമിക്കുന്നത്. അപ്രകാരം ടി ജീവനക്കാരുടെ ലാവണ ഓഫീസ് അതത് ജില്ലാ എസ്റ്റാബ്ലിഷ്മെന്റിന് കീഴിലാണ് വരുന്നത്. ടി ജീവനക്കാരെ പി&എം ട്രെയിനിംഗിന് നിയോഗിക്കേണ്ടത് അതത് ജില്ലാ കളക്ടർമാരാണ്. ഒരു ജില്ലാ കളക്ടർക്ക് മറ്റൊരു ജില്ലയിലേക്ക് തഹസിൽദാർമാരെ പി&എം ട്രെയിനിംഗിന് നിയോഗിക്കാൻ കഴിയില്ല. 8 ആഴ്ച നീണ്ടു നിൽക്കുന്ന പരിശീലനമാണ് പി & എം ട്രെയിനിംഗിൽ ജീവനക്കാർക്ക് നൽകുന്നത്. അതിൽ 6 ആഴ്ച പോലീസ് ട്രെയിനിംഗും 2 ആഴ്ച മജിസ്റ്റിരിയൽ ട്രെയിനിംഗുമാണ്. പോലീസ് ട്രെയിനിംഗ് ജീവനക്കാർ ജോലി ചെയ്യുന്ന ജില്ലയിലെ വിവിധ തലത്തിലുള്ള പോലീസ് വകുപ്പിന്റെ കീഴിലുള്ള ഓഫീസുകളിലും, മജിസ്റ്റീരിയൽ ട്രെയിനിംഗ് ജീവനക്കാർ ജോലി ചെയ്യുന്ന ജില്ലയിലെ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിലുമാണ് നൽകുന്നത്. അതിന് അതത് ജില്ലാ കളക്ടർമാരാണ് നടപടിക്രമം പുറപ്പെടുവിച്ച് ജീവനക്കാരെ നിയോഗിക്കേണ്ടത്. ഒരു ജിവനക്കാരന്റെ/ജീവനക്കാരിയുടെ ലാവണ ഓഫീസ് ഒരു ജില്ലയിലായതിനാൽ മറ്റൊരു ജില്ലയിലേക്ക് പ്രസ്തുത പരിശീലനത്തിന് നിയോഗിക്കുന്നത് ശമ്പളം നൽകുന്നതുൾപ്പടെ സാങ്കേതിക തടസ്സമുണ്ടാക്കുന്നതാണ്. 8 ആഴ്ച നീണ്ടു നിൽക്കുന്ന പരിശീലന കാലയളവിനുള്ളിൽ, എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് പദവിയായതിനാൽ, തിരഞ്ഞെടുപ്പ്, ദുരന്ത നിവാരണം എന്നിങ്ങനെയുള്ള അടിയന്തര സാഹചര്യങ്ങളിൽ ജീവനക്കാരെ തിരികെ വിളിക്കേണ്ട |

| | | | |
|---|---|---|---|
| | | | ആവശ്യം വരികയാണെങ്കിൽ, അടിയന്തരമായി പരിശീലനം നിർത്തി വയ്പിച്ച് ജീവനക്കാരെ തിരികെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിന്, ടി ജീവനക്കാർ അതത് ജില്ലകളിൽ തന്നെ പ്രസ്തുത ട്രെയിനിംഗിന് വിധേയമാകേണ്ടത് ആവശ്യമാണ്. മേൽ സാഹചര്യത്തിൽ, മറ്റ് ജില്ലകളിൽ ജോലി ചെയ്ത് വരുന്ന തഹസിൽദാർമാർക്ക്, പ്രസ്തുത പരിശീലനം അവരുടെ മാതൃ ജില്ലയിൽ പൂർത്തീകരിക്കുവാൻ അനുവാദം നൽകുന്നത് അപ്രായോഗികവും, ഭരണപരമായി അസൗകര്യം സൃഷ്ടിക്കുന്നതുമായതിനാൽ മാതൃജില്ലയിൽ പരിശീലനം പൂർത്തിയാക്കുന്നതിന് നിലവിലെ സാഹചര്യത്തിൽ പരിഗണിക്കാനാവില്ല. |

സെക്ഷൻ ഓഫീസർ